11 (*131) ശിശു സംരക്ഷണ കേന്ദ്രങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാരാഘവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തൊഴിലാളികളും സ്ത്രീ ഉദ്യോഗസ്ഥകളും കൂടുതലുള്ള സ്ഥലങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കണമെന്ന് വനിതാ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനകം എവിടെയെല്ലാം ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കാൻ തീരുമാനമായെന്നും എവിടെയെല്ലാം ഇത്തരം കേന്ദ്രങ്ങളുടെ പണി ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ, ബി, ആന്റ് സി) ഉണ്ട്. ഈ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. വനിതകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ച് സർക്കാർ ക്രഷുകൾ സ്ഥാപിച്ച് നടത്തുക എന്ന ശുപാർശ സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒന്നാണ്. എന്നാൽ അതാത് സ്ഥാപന മേധാവികൾ മുൻകൈയെടുത്ത് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് ക്രഷുകൾ തുടങ്ങിയിട്ടുള്ള അനേകം ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ വിവരങ്ങൾ വനിതാ കമ്മീഷനെ 1999 നവംബർ മാസം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി ശുപാർശയുടെ പകർപ്പുകൾ 29.12.1999-ൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

12 (*132) ഗ്രാമവികസന പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. ശൈലജ ടീച്ചർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനകം ഗ്രാമവികസന പ്രവർത്തന രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗ്രാമവികസന രംഗത്ത് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഗ്രാമവികസന രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെങ്കിലും നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഗ്രാമവികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിൽ ഗ്രാമവികസന വകുപ്പ് വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി)
2. ട്രൈസം പദ്ധതി
3. ഗ്രാമീണ വനിതാ ശിശു വികസന പരിപാടി ഡി.ഡബ്ല്യു.സി.ആർ.എ)
4. കൈത്തൊഴിലുപകരണ വിതരണ പരിപാടി (ടൂൾകിറ്റ്)
5. ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി (ഐ.എ.വൈ)
6. ദശലക്ഷം കിണർ പദ്ധതി (എം.ഡബ്ല്യു.എസ്.)
7. ജവഹർ തൊഴിൽദാന പരിപാടി (ജെ.ആർ. വൈ.)
8. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്)
9. കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (ബി.ആർ.എസ്.പി)

(ബി) ഗ്രാമവികസന രംഗത്ത് 1.4.1999 മുതൽ ഐ.ആർ.ഡി.പി. സി. ഡബ്ല്യു സി. ആർ.എ., ട്രൈസം, ടൂൾകിറ്റ് വിതരണപരിപാടി, ഗംഗ കല്ല്യാൺയോജന, ദശലക്ഷം കിണർപദ്ധതി എന്നീ ആറു പദ്ധതികൾ സംയോജിപ്പിച്ച് സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) എന്ന പേരിൽ ഒരു പുതിയ പദ്ധതിയും ജവഹർറോസ്ഗാർ യോജന പുനഃസംഘടിപ്പിച്ച് ജവഹർ ഗ്രാമസമൃദ്ധി യോജന എന്ന പേരിലും കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി പരിഷ്കരിച്ച് പുനരാവിഷ്കൃത കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (ആർസി.ആർ.എസ്.പി) എന്ന പേരിലും പരിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. സബ്സിഡിയോടു കൂടിയ ഒരു പുതിയ ഭവന നിർമ്മാണ വായ്പാ പദ്ധതി (ക്രെഡിറ്റ് കം സബ്സിഡി സ്കീം ഫോർ റൂറൽ ഹൗസിംഗ്) നടപ്പിലാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു.

(സി) ഉണ്ട്. നടപ്പുസാമ്പത്തികവർഷം ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നു.

1. സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. ജവഹർ ഗ്രാമസമൃദ്ധി യോജന (ജെ.ജി.എസ്.വൈ)
3. പുനരാവിഷ്ക്കരിച്ച കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി (ആർ.ഡി.ആർ.എസ്.പി.)
4. ഇന്ദിര ഭവന നിർമ്മാണ പദ്ധതി (ഐ.എ.വൈ)
5. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്)
6. ക്രെഡിറ്റ് കം സബ്സിഡി സ്കീം ഫോർ റൂറൽ ഹൗസിംഗ്.

(ഡി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 75% തുക കേന്ദ്ര സഹായമായി ലഭിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 31.1.2000 വരെ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

	പദ്ധതി	തുക ലക്ഷത്തിൽ
1.	ജവഹർ ഗ്രാമ സമൃദ്ധി യോജന	1578.77
2.	ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി	1776.00
3.	ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1846.08
4.	സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർയോജന	881.24
5.	പുനരാവിഷ്ക്കരിച്ച കേന്ദ്ര, ഗ്രാമീണ ശുചിത്വ പരിപാടി	149.14
6.	ക്രെഡിറ്റ് കം സബ്സിഡി സ്കീം ഫോർ റൂറൽ ഹൗസിംഗ്	115.15

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പ് ചുമതല ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി അവ ജനകീയാസൂത്രണ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. വകുപ്പ് തലത്തിലുള്ള മേൽനോട്ടത്തിന് പുറമെ ജില്ല, ബ്ലോക്ക് തലങ്ങളിൽ വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

13 (*133) അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ

ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) കേരളത്തിലെ തെരുവുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾക്കുവേണ്ടി ആലപ്പുഴയിലും കോഴിക്കോട്ടും ബാലസദനങ്ങളും ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന 6 ജുവനൈൽ ഹോമുകളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയ്ക്കു വേണ്ട സൗകര്യങ്ങൾ നൽകി വരുന്നു. ഇതു കൂടാതെ സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ യാചക ഭവനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കു ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ട്. ഇവിടത്തെ അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ നിരക്കിൽ സംരക്ഷണ ചെലവായി നൽകി വരുന്നു. ഇതുകൂടാതെ തെരുവു കുട്ടികളുടെ പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സാമ്പത്തികസഹായം

LIBRARY ARCHIVES Kerala Legislative Assembly